ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി&സി) 15-7-1995-ൽ ഏഴു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയവരും 14-7-1996-ൽ റഗുലർ സർവ്വീസിലുണ്ടായിരുന്നവരും 1996-97 വർഷം റഗുലർ ഡിവിഷൻ വേക്കൻസിയിൽ നിയമിതരുമായ അദ്ധ്യാപകർക്ക് ഡിവിഷൻ കുറവുമൂലം തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ സംരക്ഷണം നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(ഡി) ഉണ്ട്.

(ഇ) സർക്കാർ ഒരു നയമെന്ന നിലയ്ക്കാണ് 14-7-1996-ൽ റഗുലർ സർവ്വീസിലുണ്ടായിരുന്നവർക്കും 1996-97 വർഷം റഗുലർ ഡിവിഷൻ വേക്കൻസിയിൽ നിയമിതരുമായ അദ്ധ്യാപകർക്ക് സംരക്ഷണാനുകൂല്യം നൽകിയത്.

(എഫ്) ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ അദ്ധ്യാപക നിയമനത്തിന് ഇന്റർവ്യൂവിന് നൽകുന്ന മാർക്ക്

45 (2025) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ അദ്ധ്യാപക നിയമനത്തിനായി കേരള യൂണിവേഴ്സിറ്റി നടത്തിയ ഇന്റർവ്യൂവിൽ ഇന്റർവ്യൂവിന് നൽകാവുന്ന പരമാവധി മാർക്ക് എത്രയാണ് ;

(ബി) അധിക യോഗ്യതയ്ക്ക് പ്രത്യേക മാർക്ക് നൽകാറുണ്ടോ ;

(സി) അദ്ധ്യാപന പരിചയത്തിന് (ടീച്ചിംഗ് എക്സ്പീരിയൻസ്) പ്രത്യേകം മാർക്ക് നൽകുന്നുണ്ടോ ;

(ഡി) വർഷങ്ങളായി അദ്ധ്യാപകരായി ജോലി ചെയ്തുകൊണ്ടിരുന്ന എത്ര പേർക്ക് പുനർ നിയമനം നൽകിയിട്ടില്ലായെന്ന് വ്യക്തമാക്കുമോ ; ഇവർക്ക് നിയമനം നൽകാതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഇന്റർവ്യൂവിന് മാർക്ക് നൽകിയിട്ടില്ലായെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) മാർക്ക് നല്കിയില്ലെങ്കിൽ അദ്ധ്യാപകരുടെ സെലക്ഷൻ നടത്തിയത് എങ്ങനെയെന്ന് വെളിപ്പെടുത്തുമോ ;

(ജി) മാർക്ക് നൽകിയെങ്കിൽ ഓരോരുത്തരുടെയും അവസാന മാർക്കും റാങ്കുലിസ്റ്റും മേശപ്പുറത്തു വയ്ക്കുമോ ;

(എച്ച്) ഈ നിയമനങ്ങൾക്ക് സംവരണതത്വം പാലിച്ചിട്ടുണ്ടോ ; സംവരണതത്വം പാലിക്കാതെയും മാർക്ക് നൽകാതെയുമാണ് സെലക്ഷൻ നടത്തിയിട്ടുള്ളതെങ്കിൽ പ്രസ്തുത നിയമനങ്ങൾ റദ്ദ് ചെയ്ത് വ്യവസ്ഥാപിതമായി നിയമനം നടത്തുവാൻ നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) പ്രൊ-വൈസ് ചാൻസലർ, ടീച്ചർ എഡ്യൂക്കേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർ, മൂന്ന് സിൻഡിക്കേറ്റ് അംഗങ്ങൾ, ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ ഡയറക്ടർ എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് മാർക്ക് നിശ്ചയിക്കുകയും സെലക്ഷൻ നടത്തുകയും ചെയ്തതെന്ന് സർവകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 16 പേർക്ക് പുനർ നിയമനം നടത്തിയിട്ടില്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്&ജി) അപേക്ഷിക്കാർഹത അനുസരിച്ചാണ് നിയമനം നടത്തിയിട്ടുള്ളത് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(എച്ച്) ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലെ നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിൽ, താല്ക്കാലികമായതിനാൽ സംവരണം കൃത്യമായി പാലിക്കാറില്ല എന്ന് സർവ്വകലാശാല റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളിലെ അദ്ധ്യാപകൻ

46 (2026) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളുകളിലായി എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരുത്തരവ് നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇതനുസരിച്ച് വിവിധ കാറ്റഗറിയിലുള്ള അദ്ധ്യാപകർക്ക് ലഭിക്കുന്ന ശമ്പളം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് മുഴുവൻ അൺ എയിഡഡ് സ്ക്കൂളുകളിലും ഈ ശമ്പളം കൃത്യമായി നൽകുന്നുവെന്ന് ഉറപ്പുവരുത്താൻ സർക്കാർ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 1998-99-ലെ കണക്ക് പ്രകാരം 7805 അദ്ധ്യാപകർ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly